**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 909 30.10.2019-ൽ മറുപടിയ്ക്ക്

## കൈക്കുഞ്ഞ് വാഹനത്തിൽ നിന്ന് വനപാതയിലേയ്ക്ക് തെറിച്ച് വീണ സംഭവം

| | **ചോദ്യം**<br>ശ്രീ.എസ്.രാജേന്ദ്രൻ | **ഉത്തരം**<br>ശ്രീ.കെ.രാജു,<br>വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും<br>വകുപ്പ് മന്ത്രി |
|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ രാജമല അഞ്ചാം മൈലിൽ, വാഹനത്തിൽ നിന്ന് വനപാതയിലേയ്ക്ക് കൈക്കുഞ്ഞ് തെറിച്ച് വീണ സംഭവം വനം വകുപ്പ് ഉദ്യോഗസ്ഥർ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ച് പ്രശസ്തിക്കായി പ്രചരിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്താണെന്ന് വ്യക്തമാക്കാമോ; | രാജമല അഞ്ചാം മൈലിൽ, വാഹനത്തിൽ നിന്ന് വനപാതയിലേയ്ക്ക് തെറിച്ച് വീണ കൈക്കുഞ്ഞിനെ അതുവഴി വന്ന ഓട്ടോറിക്ഷാ ഡ്രൈവറും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് രക്ഷിച്ച ഉടൻതന്നെ ബന്ധപ്പെട്ട പോലീസ് അധികാരികളെ മൂന്നാർ വന്യജീവി ഡിവിഷൻ ഓഫീസിൽ നിന്നും ഫോൺ മുഖാന്തിരം അറിയിച്ചിരുന്നു. വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രശസ്തിക്കായി തെറ്റായ രീതിയിൽ വാർത്ത പ്രചരിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മറ്റൊരാൾ രക്ഷിച്ച കുട്ടിയെ വനം വകുപ്പ് ഉദ്യോഗസ്ഥർ രക്ഷിച്ചു എന്ന വിധത്തിൽ, യഥാർത്ഥ വീഡിയോ ദൃശ്യങ്ങൾ എഡിറ്റ് ചെയ്ത വനം വകുപ്പ് ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് അന്വേഷിക്കുന്നതിനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; | കുട്ടിയെ രക്ഷിച്ചത് സംബന്ധിച്ച വീഡിയോ ദൃശ്യങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർ ആരും എഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (സി) | സത്യസന്ധരായി പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥർ കാര്യങ്ങൾ തെറ്റായി പ്രചരിപ്പിക്കുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ പരിധിയിലാണ് എല്ലാ സർക്കാർ ഉദ്യോഗസ്ഥരും. പ്രസ്തുത ചട്ടങ്ങൾ പ്രകാരമാണ് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് തെറ്റായ പ്രചാരണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ